**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*558** **22.05.2017 ൽ മറുപടിയ്ക്ക്**

## മൂന്നാറിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കലും സർവ്വകക്ഷിയോഗ തീരുമാനവും

**ചോദ്യം**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.അടൂർ പ്രകാശ്**
**ശ്രീ.എം. വിൻസെന്റ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈയടക്കിവച്ചിരിക്കുന്ന വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറിയിട്ടുള്ള വൻകിട, ചെറുകിട കയ്യേറ്റക്കാരുടേയും, ചട്ട വരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരുടെയും വിവരങ്ങൾ സംബന്ധിച്ച് ദ്രുത പരിശോധന നടത്തി പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ പരിശോധനാ നടപടികൾ ദേവികുളം സബ്കളക്ടറുടെ നിയന്ത്രണത്തിൽ ദേവികുളം, ഉടുമ്പൻചോല അഡീഷണൽ തഹസിൽദാർമാർ, മൂന്നാർ സ്പെഷ്യൽ റവന്യൂ ആഫീസർ എന്നിവർ മുഖാന്തിരം പുരോഗമിച്ചു വരുന്നു. ചില കയ്യേറ്റങ്ങൾ കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിപ്പിച്ചിട്ടുണ്ട് മറ്റുള്ളവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2017 മേയ് 7 ന് നടന്ന സർവ്വകക്ഷിയോഗത്തിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; | (ബി)യും (സി)യും ഇടുക്കി ജില്ലയിലെ ഭൂമിയുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുന്നതിനും ആശയസമന്വയം ഉണ്ടാക്കുന്നതിനു ഉദ്ദേശിച്ചാണ് 7/5/2017-ന് സർവ്വകക്ഷി യോഗം വിളിച്ചിരുന്നത്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ എല്ലാപേരും ഏകാഭിപ്രായമാണ് സ്വീകരിച്ചത്. 27.03.2017-ലെ യോഗത്തിൽ ഉന്നയിച്ച ചില കാര്യങ്ങൾ പരിശോധിക്കുവാനാണ് തീരുമാനിച്ചിരുന്നത്. |
| (സി) | മൂന്നാറിലെ ഭൂമി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-3-2017 ൽ ബഹു. മുഖ്യമന്ത്രി വിളിച്ച ചേർത്ത യോഗ തീരുമാനങ്ങൾ മേയ് 7 ന് നടന്ന യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | |
| (ഡി) | 1957 ലെ ഭൂസംരക്ഷണ നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം സർക്കാർ ഭൂമിയുടെ പരിധിയിൽ നിന്നും റവന്യൂ രേഖകളിലുള്ളതോ കരം അടയ്ക്കുന്നതോ ആയ സ്ഥലങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വൻകിട കയ്യേറ്റക്കാർ കരമടയ്ക്കുന്ന ഭൂമി ഏതു വിധേനയാണ് തിരിച്ചുപിടിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഡി)ഉണ്ട്. എന്നാൽ വൻകിട കയ്യേറ്റക്കാർ കരമടയ്ക്കുന്ന ഭൂമികളോട് ചേർന്നുള്ള സർക്കാർ ഭൂമി കയ്യേറിയിട്ടുള്ളതും, ആയതിന്മേലുള്ള അനധികൃത നിർമ്മാണം / പരിവർത്തനം എന്നിവ നടത്തിയ കേസുകളിൽ 1957 ലെ കേരള ഭൂസംരക്ഷണ നിയമം / 1971 ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ) നിയമം എന്നിവ പ്രകാരമുള്ളതായ ഒഴിപ്പിക്കൽ നടപടികളും, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളും, പട്ടയം |

| | | |
|---|---|---|
| | | ലഭിച്ച ഭൂമിയിൽ പട്ടയ വ്യവസ്ഥാ ലംഘനം, സി.എച്ച്.ആർ മേഖലയിലുള്ള പാട്ട ഭൂമികളിൽ ടി വ്യവസ്ഥകളുടെ ലംഘനം എന്നിവ ബോദ്ധ്യപ്പെടുന്ന കേസുകളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങളുൾക്കും അനുസൃതമായി നടപടികളും സ്വീകരിച്ചുവരുന്നു. |
| (ഇ) | സി.എച്ച്.ആർ. ഭൂമിയെ റവന്യൂ ഭൂമിയായി പരിഗണിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്; | (ഇ) സി.എച്ച്.ആർ ഭൂമി സംബന്ധിച്ച ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സിൽ 5/11/2007-ൽ ഫയൽ ചെയ്ത അഫിഡവിറ്റിൽ CHR ഭൂമി റവന്യൂ ഭൂമിയാണെന്നും അതിലെ മരങ്ങളെ സംബന്ധിച്ച അവകാശം വനം വകുപ്പിനാണെന്നും ഉള്ള നിലപാടാണ് എടുത്തിരിക്കുന്നത്. |
| (എഫ്) | ചെറുകിട കയ്യേറ്റങ്ങളെ ഒഴിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് 1957 ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) ഇല്ല. |
| (ജി) | ബ്രിട്ടീഷുകാർ ഉപേക്ഷിച്ചിട്ട് പോയ ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് അതിലുള്ള ഉടമസ്ഥാവകാശം റദ്ദാക്കാനും അത് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഉതകുന്ന നിയമ നിർമ്മാണം കൊണ്ടുവരുമോ? | (ജി) അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ